**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3261 — 16.12.2015-ൽ മറുപടിയ്ക്ക്

**ആർട്ട് ഗ്യാലറികൾ**

**ചോദ്യം**

ശ്രീ വി ഡി സതീശൻ
ശ്രീ ലൂഡി ലൂയിസ്
ശ്രീ എം എ വാഹീദ്
ശ്രീ ഹൈബി ഈഡൻ

**ഉത്തരം**

കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും, സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി)

(എ) ആർട്ട് ഗ്യാലറികൾ ആരംഭിക്കാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(എ) ഉണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി, മലപ്പുറം, കാഞ്ഞങ്ങാട് എന്നീ ആർട്ട് ഗ്യാലറികൾക്ക് പുറമെ ആലപ്പുഴ, കൊടുങ്ങല്ലൂർ, മലമ്പുഴ, നെടുമ്പാശ്ശേരി, എയർപോർട്ട്, കായംകുളം, കിളിമാനൂർ, മാനന്തവാടി എന്നിവിടങ്ങളിൽ പുതുതായി ആർട്ട് ഗ്യാലറികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി നഗരസഭ സ്ഥലം അനുവദിക്കുന്ന മുറയ്ക്ക് കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആർട്ട് ഗ്യാലറി കൂടി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആർട്ട് ഗ്യാലറികൾ ഇല്ലാത്ത ഗ്രാമ പ്രദേശങ്ങളിൽ ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി കേരള ലളിതകലാ അക്കാദമിയുടെ "സഞ്ചരിക്കുന്ന ചിത്രശാല" 2016 ജനുവരി ആദ്യവാരം മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. ചിത്രകല, ശിൽപകല, ഫോട്ടോഗ്രാഫി, കാർട്ടൂൺ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും കലാ ആസ്വാദനത്തിന് അവസരം ഒരുക്കുന്നതിനും കലാകാരന്മാർക്ക് അവരുടെ സർഗ്ഗ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും കൂടുതൽ അവസരം

| | |
|---|---|
| | ഒരുക്കുന്നതിനുമാണ് ആർട്ട് ഗ്യാലറികൾ സജ്ജീകരിച്ചിരിക്കുന്നത്. പൊതു ജനങ്ങളിൽ ചിത്ര-ശിൽപ കാഴ്ചയുടെ വിശാലമായ അവസരമൊരുക്കുന്നതിലൂടെ സമൂഹത്തിന്റെ സാംസ്കാരിക ഉന്നതി എന്ന ഉദ്ദേശ ലക്ഷ്യവും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. |
| (ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) കേരള ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിലാണ് ആർട്ട് ഗ്യാലറികൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നത്. ഇതിനാവശ്യമായ ഫണ്ടുകൾ അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി അക്കാദമിക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ